**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1299** **07-10-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസ്സുകളുടെ കാര്യക്ഷമത പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷമായി നടത്തിവരുന്ന ഓൺലൈൻ ക്ലാസ്സുകളുടെ കാര്യക്ഷമത പരിശോധന വിധേയമാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. മഹാമാരികാലത്തെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികപരവുമായ അവസ്ഥയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സർക്കാർ വനിതാ കോളേജുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി പഠനം നടത്തിയിട്ടുണ്ട്. ഭാവിയെക്കുറിച്ചുള്ള ആശങ്ക, പഠനത്തോട് താല്പര്യം കുറയുന്ന അവസ്ഥ, അസൈൻമെൻറുകൾ പൂർത്തിയാക്കുന്നതിൽ പ്രയാസം, വിഷാദ ലക്ഷണങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങി ഇടപെടേണ്ട മേഖലകൾ ചെറിയ ഒരു വിഭാഗം കുട്ടികളിൽ കണ്ടുവരുന്നുണ്ട്. ഒപ്പം തന്നെ കായിക പ്രവർത്തനങ്ങൾ കുറഞ്ഞു കാരണമുള്ള ആരോഗ്യപ്രശ്നങ്ങളും ഉള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന നഷ്ടം വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | സ്കൂളുകൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാതിരുന്ന കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉറപ്പ് വരുത്താൻ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. മഹാമാരികാലത്തെ കുട്ടികളുടെ അക്കാദമികവും മനോ-സാമൂഹികപരവുമായ അവസ്ഥയെ സംബന്ധിച്ച് തിരുവനന്തപുരത്തെ സർക്കാർ വനിതാ കോളേജുമായി ചേർന്ന് എസ്.സി.ഇ.ആർ.ടി പഠനം നടത്തിയിട്ടുണ്ട്. ഭാവിയെക്കുറിച്ചുള്ള ആശങ്ക, പഠനത്തോട് താല്പര്യം കുറയുന്ന അവസ്ഥ, അസൈൻമെൻറുകൾ പൂർത്തിയാക്കുന്നതിൽ പ്രയാസം, വിഷാദ ലക്ഷണങ്ങൾ, ആത്മഹത്യാ പ്രവണത തുടങ്ങി ഇടപെടേണ്ട മേഖലകൾ ചെറിയ ഒരു വിഭാഗം കുട്ടികളിൽ കണ്ടുവരുന്നുണ്ട്. ഒപ്പം തന്നെ കായിക പ്രവർത്തനങ്ങൾ കുറഞ്ഞു കാരണമുള്ള ആരോഗ്യപ്രശ്നങ്ങളും ഉള്ളതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. കുട്ടികളുടെ പഠന നഷ്ടം |

| | | | |
|---|---|---|---|
| | | | വിലയിരുത്തി അവ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ആദ്യഘട്ടം സ്കൂളുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ഓൺലൈൻ വിദ്യാഭാസ സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ മുൻഗണനാ ക്രമത്തിൽ സ്കൂളുകളിൽ എത്തിച്ച പഠനം ഉറപ്പാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | (സി) | പഠന നഷ്ടം സംഭവിച്ച മുഴുവൻ കുട്ടികൾക്കും പഠനം ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് സഹായകരമാകുന്ന വിധത്തിലാണ് ക്ലാസ്സുകൾ ആസൂത്രണം ചെയ്യുക. ഓരോ കുട്ടിയും നേടേണ്ട അറിവും നൈപുണികളും ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കും. |

സെക്ഷൻ ഓഫീസർ